**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4790** **19-03-2025 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി ഹാർബറിലേക്കുള്ള ഗതാഗതമാർഗ്ഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി ഹാർബറിലേക്കുള്ള പ്രധാന ഗതാഗത മാർഗ്ഗമായ കൊയിലാണ്ടി-കാപ്പാട് റോഡ് പുതുക്കി പണിയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കൊയിലാണ്ടി ഹാർബറിലേക്കുള്ള പ്രധാന ഗതാഗത മാർഗ്ഗമായ കൊയിലാണ്ടി- കാപ്പാട് റോഡ് പുതുക്കി പണിയുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കൊയിലാണ്ടി മുതൽ കാപ്പാട് വരെ 6.00 കിലോമീറ്റർ ദൈർഘ്യമുള്ള തീരദേശ റോഡിലെ കൊയിലാണ്ടി മുതൽ വലിയമങ്ങാട് (ഏഴുകുടിക്കൽ) വരെയുള്ള 3060 മീറ്റർ റോഡിന്റെ പ്രവൃത്തിക്കായി 141.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ഉടൻ തന്നെ സ്വീകരിക്കുന്നതാണ്.<br><br>ബാക്കിയുള്ള 3 കിലോമീറ്ററോളം വരുന്ന വലിയ മങ്ങാട് മുതൽ കാപ്പാട് വരെയുള്ള ഭാഗത്ത് സീവാൾ പൂർണ്ണമായും തകർന്ന അവസ്ഥയിൽ ആണ്. സീ വാളിന്റെ നിർമാണ പ്രവർത്തനങ്ങൾ ഇറിഗേഷൻ വകുപ്പ് മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ഇറിഗേഷൻ വകുപ്പ് സീവാളിന്റെ നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് സീവാളിന്റെ ഉയരം, ഘടന, നിലവിലെ റോഡിൽ നിന്നുമുള്ള അകലം എന്നിവയൊക്കെ കണക്കിലെടുത്ത് ആവശ്യമുള്ള ഭാഗങ്ങളിൽ അധികമായി പ്രൊട്ടക്ഷൻ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത റോഡ് പുതുക്കി പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | കൊയിലാണ്ടി ഹാർബറിലേക്കുള്ള പ്രധാന ഗതാഗത മാർഗ്ഗമായ കൊയിലാണ്ടി- കാപ്പാട് റോഡ് പുതുക്കി പണിയുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കൊയിലാണ്ടി മുതൽ കാപ്പാട് വരെ 6.00 കിലോമീറ്റർ ദൈർഘ്യമുള്ള തീരദേശ റോഡിലെ കൊയിലാണ്ടി മുതൽ വലിയമങ്ങാട് (ഏഴുകുടിക്കൽ) വരെയുള്ള 3060 |

| | | | |
|---|---|---|---|
| | | | മീറ്റർ റോഡിന്റെ പ്രവൃത്തിക്കായി 141.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ഉടൻ തന്നെ സ്വീകരിക്കുന്നതാണ്.<br><br>ബാക്കിയുള്ള 3 കിലോമീറ്ററോളം വരുന്ന വലിയ മങ്ങാട് മുതൽ കാപ്പാട് വരെയുള്ള ഭാഗത്ത് സീവാൾ പൂർണ്ണമായും തകർന്ന അവസ്ഥയിൽ ആണ്. സീ വാളിന്റെ നിർമാണ പ്രവർത്തനങ്ങൾ ഇറിഗേഷൻ വകുപ്പ് മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ഇറിഗേഷൻ വകുപ്പ് സീവാളിന്റെ നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് സീവാളിന്റെ ഉയരം, ഘടന, നിലവിലെ റോഡിൽ നിന്നുമുള്ള അകലം എന്നിവയൊക്കെ കണക്കിലെടുത്ത് ആവശ്യമുള്ള ഭാഗങ്ങളിൽ അധികമായി പ്രൊട്ടക്ഷൻ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ